# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6370      03.04.2018-ന് മറുപടിയ്ക്ക്

## വനങ്ങളുടെ വികസനം

ചോദ്യം      മറുപടി

ശ്രീ. എ.പി. അനിൽ കുമാർ
ശ്രീ. റോജി എം. ജോൺ
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ.വി.പി. സജീന്ദ്രൻ

ശ്രീ.കെ.രാജു
(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിലുള്ള വനങ്ങളുടെ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള വനങ്ങളുടെ വികസനത്തിന് വനംവകുപ്പ് സ്വീകരിക്കുന്ന നടപടികൾ എല്ലാം തുടർ പദ്ധതികളാണ്. ഇതിനായി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന കർമ്മ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിച്ച് കൈയ്യേറ്റത്തിൽ നിന്നും വനങ്ങളെ സംരക്ഷിക്കുന്നു.<br>• പ്രത്യേക ആവാസ വ്യവസ്ഥകളായ ചന്ദന വനങ്ങളുടെയും, ചോലവനങ്ങളുടെയും, തണ്ണീർത്തടങ്ങളുടെയും, കണ്ടൽക്കാടുകളുടെയും, മറ്റ് സ്വാഭാവിക വനങ്ങളുടെയും, ശോഷിച്ച വനങ്ങളുടെയും വനവല്ക്കരണവും സംരക്ഷണവും നടപ്പാക്കുന്നു.<br>• ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി, ദേശീയ വനവൽക്കരണ പരിപാടി, നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ് പദ്ധതി, ഇക്കോ ടൂറിസം പദ്ധതി എന്നിവ നടപ്പാക്കുന്നു.<br>• വനേതര പ്രദേശങ്ങളിലെ വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കി വരുന്ന ഹരിത കേരളം പദ്ധതിയുടെ ഭാഗമായി വിവിധയിനം വൃക്ഷതൈകൾ ഉല്പ്പാദിപ്പിച്ച് വിവിധ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തു വരുന്നു. കൂടാതെ വഴിയോരതണൽ പദ്ധതിയും, വനദീപ്തി പദ്ധതിയും, കാവുകൾക്ക് ധനസഹായം ചെയ്യുന്ന പദ്ധതിയും, സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷം വളർത്തുന്നതിന് പ്രോൽസാഹന ധനസഹായം ചെയ്യുന്ന പദ്ധതിയും നടപ്പാക്കുന്നു.<br>• നിലവിലുള്ള ഘനമര തോട്ടങ്ങളുടെയും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉൽപാദിപ്പിക്കുന്ന തോട്ടങ്ങളുടെയും പരിപാലനം നടപ്പാക്കുന്നു. |
| (ബി) | ഇതിനായി നിലവിലുള്ള പദ്ധതികൾ തുടരാനും അവ കൂടുതൽ ശക്തിപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ടോ; | (ബി) | മേൽപ്പറഞ്ഞ എല്ലാ പദ്ധതികളും തുടരാനും ശക്തിപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br>ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിന് വിവിധ തലങ്ങളിലായി മോണിറ്റർ ചെയ്ത് വരുന്നുണ്ട്.<br>വനം വകുപ്പ് ആസ്ഥാനത്ത് ഇംപ്ലിമെന്റിംഗ് ആഫീസർ |

| | | |
|---|---|---|
| | ഉണ്ടെങ്കിൽ അവ ഏതെല്ലാം: വിശദമാക്കുമോ; | തലത്തിലുള്ളവരുമായി മീറ്റിംഗ് വിളിച്ച് ചേർത്ത് പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ